മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2020 April | Vol. 17 | Issue 179 | Price ₹60/-



ആർക്കിടെക്ചർ

## പരിമിതികൾക്കിടയിലും എടുപ്പോടെ

ആർക്കിടെക്റ്റ് സുധീർ ബാലകൃഷ്ണൻ

## മഴയുടെ താളം പോലെ 'സോഹ'

ഡി എർത്ത് ആർക്കിടെക്റ്റ്സ്

ഡ്രീംഹോം

## നാച്വറൽ എന്ന അനുഭവം പകരുന്ന വീട്

രമേശ് പൊതുവാൾ

സ്പെഷ്യൽ ഫീച്ചർ

## വീട്ടിൽ നിറയട്ടെ പച്ചപ്പ്

ആർക്കിടെക്ചർ പഠനം

ആർക്കിടെക്ചർ വിദ്യാഭ്യാസരംഗത്തെ നൂതന പ്രവണതകൾ • വാസ്തുവിദ്യാ അധ്യാപകർക്കും അഭ്യുദയകാംക്ഷികൾക്കും ഒരു കത്ത് • എങ്ങനെ പഠിക്കണം? • എവിടെ പഠിക്കാം?




# ദി മെക്കാവു നെസ്റ്റ്

**പച്ചപ്പും കാറ്റും വെളിച്ചവും എല്ലാം കടന്നു വരുന്ന അകത്തളം. ബാൽക്കണികൾ പുറം കാഴ്ചകൾക്ക് സ്വാഗതമരുളുന്നു**

പ്രോപ്പർട്ടി: **അസറ്റ് വെഴ്സറ്റൈൽ**
ലൊക്കേഷൻ: **പാലാരിവട്ടം**
ഏരിയ: **2077 സ്ക്വയർ ഫീറ്റ്**
ഡിസൈൻ: **ആർക്കിടെക്റ്റ് വർഷ, ആർക്കിടെക്റ്റ് ശാരിക**
ഏരിയകൾ: **ലിവിങ്, ഡൈനിങ്, അപ്പർ ലിവിങ്, മൂന്ന് ബാത്അറ്റാച്ച്ഡ് കിടപ്പുമുറികൾ, ബാൽക്കണികൾ, ലൈബ്രറി ഏരിയ**



**ആർക്കിടെക്റ്റ് വർഷ & ആർക്കിടെക്റ്റ് ശാരിക**

ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബിസിനസുകാരനായ രാജീവിന്റെയും കുടുംബത്തിന്റെയും ആഗ്രഹങ്ങളിലൊന്നായിരുന്നു കൊച്ചിയിൽ ഒരു ഫ്ളാറ്റ് സ്വന്തമാക്കുക എന്നത്. സ്വപ്ന സാക്ഷാത്ക്കാരം എന്ന വണ്ണം ഈ കുടുംബം സ്വന്തമാക്കിയ ഡ്യുപ്ലക്സ് അപ്പാർട്മെന്റാണിത്. അവരുടെ ആഗ്രഹങ്ങൾക്കും സങ്കല്പങ്ങൾക്കുമനുസരിച്ച് ഇന്റീരിയർ ഒരുക്കി ഫ്ളാറ്റിനെ ആകെ മാറ്റിയെടുക്കുകയായിരുന്നു. മിനിമം എന്നാൽ എലഗന്റ് ലുക്ക് പകരുന്ന മോഡേൺ ഇന്റീരിയറായിരിക്കണം അകത്തളത്തിന് എന്ന് ഗൃഹനായിക ശ്രീജ ആദ്യമേ തന്നെ ആവശ്യപ്പെട്ടിരുന്നു. 2077 ചതുരശ്രയടിയുള്ള ഫ്ളാറ്റിനുള്ളിൽ ആസ്വാദ്യകരമായ കാഴ്ചകൾ സമ്മാനിക്കുന്ന ബാൽക്കണി ഏരിയകളുണ്ടെങ്കിലും വളരെ കുറച്ചു ജനാലകൾ മാത്രമാണുണ്ടായിരുന്നത്. ഇതു മനസ്സിലാക്കിയ ആർക്കിടെക്റ്റുകൾ ചുമരുകൾക്ക് എല്ലാം വെള്ള നിറവും ഉള്ള സ്ഥലം വലുതായി തോന്നിപ്പിക്കാൻ കണ്ണാടികളും തെരഞ്ഞെടുത്തു. ഇതൊരു ഡ്യുപ്ലക്സ് ഫ്ളാറ്റായതിനാൽ കോമൺ ഏരിയകൾ താഴെയും സ്വകാര്യ ഇടങ്ങൾ മുകളിലുമാണ്. പച്ചപ്പും കാറ്റും വെളിച്ചവും എല്ലാം കടന്നു വരുവാൻ പാകത്തിനാണ് അകത്തളം ഒരുക്കിയിട്ടുള്ളത്. ബാൽക്കണികൾ പുറംകാഴ്ചകൾക്ക് സ്വാഗതമരുളുന്നു. വെളുത്ത ചുമരുകൾ, അതിനിടയിൽ തേക്കിന്റെ ഫിനിഷിൽ ലളിതവുമായ വുഡ് വർക്കുകൾ കോൺട്രാസ്റ്റായി എടുത്തു നിൽക്കുന്നു. ഈയൊരു ഡിസൈൻ നയം അപ്പാർട്മെന്റിലുടനീളം കാണാം. പ്രത്യേകിച്ച് സ്റ്റെയർകേസ് ഏരിയയിൽ. ഈ ഭാഗം നിഷുകൾ, ഭംഗിയുള്ളതും കൗതുകകരവുമായ ആർട്ടിഫാക്റ്റുകൾ, ജയ്പൂർ ഡെക്കോർ ഇനങ്ങൾ, പൂജാ സ്പേസ്, മെറ്റൽ ആർട്ട് വർക്കുകൾ, പെയിന്റിങ്ങുകൾ എന്നിവയെല്ലാം ചേർത്ത് ലളിതവും മോഡേണും എലഗന്റ് ലുക്ക് പകരുന്ന വിധത്തിലുമാക്കി ഒരുക്കിയിരിക്കുകയാണ്.







^

## ലിവിങ്

'L' ആകൃതിയിലുള്ള അല്പം ഇടുങ്ങിയ എന്നാൽ ഇടുങ്ങിയത് എന്ന് തോന്നാത്ത തരത്തിലുള്ള ലിവിങ് കം ഡൈനിങ് സ്പേസാണിവിടെ. 'യെല്ലോ ഓക്കർ' എന്ന് വിശേഷിപ്പിക്കാവുന്ന ഈ ഏരിയയിൽ ടിവി ഏരിയയുടെ പിന്നിലെ ടെക്സ്ചർ വാൾ, ലെതർ സോഫ, കർട്ടൻ, കുഷ്യനുകൾ, പ്ലാന്റർ ബോക്സുകൾ പെയിന്റിങ്ങുകൾ, ചുമരലങ്കാരങ്ങൾ എന്നിവയെല്ലാം ഹൈലൈറ്റ് ചെയ്യുവാൻ യെല്ലോ കളർ തന്നെ തെരഞ്ഞെടുത്തിരിക്കുന്നു. മൊത്തത്തിലുള്ള വെള്ളനിറത്തിനു നടുവിൽ ഈ മഞ്ഞനിറം എടുത്തുനിൽക്കുന്നു. ഫോർമൽ ലിവിങ് ഏരിയയിൽ അസിമ്മട്രിക്കലായി നൽകിയിരിക്കുന്ന ടിവി യൂണിറ്റും ഇരിപ്പിടങ്ങളും ഡൈനിങ് ഏരിയയിൽ നിന്നും വേർതിരിവു തീർക്കുന്നു.



രാജീവും കുടുംബവും

## ഡൈനിങ് ഏരിയ

ഡൈനിങ് ടേബിളിനോട് ചേർന്ന് ചുമരിൽ നൽകിയിരിക്കുന്ന യെല്ലോ ബാക്ക് ലിറ്റോടു കൂടിയ ഫ്ളോട്ടിങ് മിറർ ഷെൽഫുകളും വാഷ് ഏരിയയുടെ സ്ലാബ് നീട്ടിയെടുത്ത് ചെയ്തിട്ടുള്ള ഫുഡ് സർവീസ് ഏരിയയും യെല്ലോ നിറത്തിന്റെ അകമ്പടിയിലാകുന്നു. യെല്ലോ ക്വാർട്സ് ആണ് ഇവിടെ കൗണ്ടർ ടോപ്പിന് ഉപയോഗിച്ചിരിക്കുന്നത്. ബ്ലാക് ലാവന്ററി ഗോൾഡൻ നിറത്തിലുള്ള ഫോസെറ്റും, എല്ലാം ഒന്നിനൊന്നു മികച്ചവ തന്നെ. ഇവയെല്ലാം ചേർന്ന് ഒരു മായിക ലോകം തീർക്കുന്നു ഉള്ളിൽ. ബെസ്പോക്ക് ഡൈനിങ് ടേബിളും അതിനു ചേരുന്ന ഇരിപ്പിടങ്ങളും ടിവി കൺസോളും എല്ലാം പരസ്പരം ചേർന്നു പോകുന്നു. ചുമരലങ്കാരത്തിന് കുടുംബാംഗങ്ങൾ യാത്ര ചെയ്ത സ്ഥലങ്ങളുടെ ഫോട്ടോകളും കസ്റ്റമൈസ് ചെയ്ത പെർഫറേറ്റഡ് ഷീറ്റിലെ ഭൂപടവും കൗതുക കാഴ്ചകളാകുന്നു. ട്രോപ്പിക്കൽ പ്ലാന്റുകൾ കൊണ്ട് ഒരുക്കിയിട്ടുള്ള പച്ചപ്പും ചെടികളും നിറഞ്ഞ ബാൽക്കണിക്കാഴ്ചകളും കൂടിയായപ്പോൾ ഗൃഹാന്തരീക്ഷം ഏറെ അനുഭൂതി പകരുന്നതായി മാറി.

V




Λ

## സ്റ്റെയർകേസ് ഏരിയ

പരുക്കനായ വെളുത്ത ചുമരുകളിലെ ഇഷ്ടികയുടെ ഡിസൈൻ നയമാണ് സുതാര്യമായ സ്റ്റെയർകേസ് ഏരിയയ്ക്ക് മോടി കൂട്ടുന്നത്. ഇരട്ടി ഉയരമുള്ള ഈ ചുമർ ഉള്ളിൽ വെളിച്ചം പ്രതിഫലിപ്പിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു.







**Λ**

## അപ്പർലിവിങ്

ഫാമിലി ഏരിയയായും, വിശ്രമ സ്ഥലമായും ഒക്കെ വീട്ടുകാർ ഉപയോഗിക്കുന്ന ഈ ഏരിയയിൽ L ഷേപ്പിലുള്ള ഇരിപ്പിടവും ബാൽക്കണിയും ചുമരലങ്കാരവും സീലിങ് വർക്കും ഫർണിഷിങ് ഇനങ്ങളും എല്ലാം ഒന്നിനൊന്നു മികച്ചവയാകുന്നു. നീലനിറം ഇവിടെ ബോധപൂർവ്വം ഉപയോഗിച്ചിരിക്കുന്നു. അപ്പർ ലിവിങ്ങിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് ടിവി കാണുവാനുള്ള സ്ഥലം; താഴ്ന്ന ഇരിപ്പിടങ്ങളും ഒരുക്കങ്ങളുമായി പ്രത്യേകം ചെയ്തിരിക്കുന്നു. ഒരു ലൈബ്രറി ഷെൽഫും അലസമായി ചാഞ്ഞിരിക്കുവാൻ കഴിയും വിധം ധാരാളം കുഷ്യനുകളോടു കൂടിയ ഇരിപ്പിടങ്ങളുമാണിവിടെ. ഇതിനോട് ചേർന്നു തന്നെ തേക്ക്, വെനീർ ഉപയോഗിച്ച് സീലിങ് വർക്ക് ചെയ്തിട്ടുള്ള ഏരിയയും ബാൽക്കണിയും പച്ചപ്പും എല്ലാമുണ്ട്. ഇവിടെ മറ്റൊരു വലിയ ലൈബ്രറി ഏരിയയും വായനാസൗകര്യവും നൽകിയിട്ടുണ്ട്. സായാഹ്നം ചെലവഴിക്കാൻ ഏറെ അനുയോജ്യമായ ഈ ഇടം. വീട്ടുകാർക്ക് ഏറെ പ്രിയപ്പെട്ടതാകുന്നു.

## ഗസ്റ്റ് ബെഡ്റൂം


മെറ്റലിൽ ആർട്ട് വർക്ക്, ലെതർ അപ്ഹോൾസ്റ്ററി എന്നിവ കൊണ്ട് ഹൈലൈറ്റ് ചെയ്തിരിക്കുന്നു ഹെഡ് വാൾ, ലൈറ്റിങ് സംവിധാനങ്ങളും ആകർഷകം തന്നെ.

## കിഡ്സ് ബെഡ്റൂം

കസ്റ്റംമെയ്ഡ് കെയ്ൻ, സ്റ്റോറേജ് സൗകര്യമുള്ള കട്ടിലുകൾ, ഷെൽഫുകൾ, പഠനസൗകര്യം, ഫർണിഷിങ്, ലൈറ്റിങ്, ഡിജിറ്റൽ ആർട്ട് വർക്ക് എന്നിവയെല്ലാം കുട്ടികളുടെ മുറിക്ക് സൗന്ദര്യവും സൗകര്യവും പകരുന്നു. വുഡൻ ഫ്ളോറിങ് വർക്ക്  ശ്രദ്ധേയം. സീലിങ് അലങ്കരിക്കുന്നത് ഒപ്റ്റിക്കൽ ഫൈബർ ഫാൾസ് സീലിങ്ങാണ്. അതിനൊപ്പം നൽകിയിരിക്കുന്ന നക്ഷത്ര സമൂഹത്തിന്റെ ആർട്ട് വർക്ക് കുട്ടികളുടെ സോഡിയാക് സൈൻ അനുസരിച്ചുള്ളവയുമാകുന്നു. അതുപോലെ തന്നെ ചുമരിൽ സ്ഥാപിച്ചിട്ടുള്ള ആർട്ട് വർക്കും അവരുടെ നിത്യവുമുള്ള ആക്റ്റിവിറ്റികളെയും ഹോബികളെയും ആർട്ട് വർക്കായി ചിത്രീകരിച്ചു കൊണ്ടാണ്.

## മാസ്റ്റർ ബെഡ്റൂം

വെള്ളനിറത്തിനു തന്നെയാണ് എല്ലാ കിടപ്പുമുറികളിലും പ്രാധാന്യം. ഹൈലൈറ്റ് ചെയ്ത ഹെഡ്ബോർഡും വായനാസൗകര്യവും വുഡൻ ഫ്ളോറിങ്ങും, ഫർണിഷിങ് ഇനങ്ങളും എല്ലാം ഒന്നിനൊന്ന് മികച്ചവയും ശ്രദ്ധാപൂർവം തെരഞ്ഞെടുത്തവയുമാകുന്നു.











| PROJECT DETAILS | |
|---|---|
| Architects | Ar. Varsha<br>Ar. Shariga<br>Studiovistaarchitects<br>Kadavanthara<br>Kochi-682020<br>Ph: 0484 3550978<br>Mob: 9747549298 |
| Location | Palarivattom Kochi |
| Year Of Completion | 2019 (Duration 4 Months) |
| Built Area | 2077 Sqft |
| Interior Contractor/ Carpentory/ Fabrication / False Ceiling/Partition/ Furniture Design | Indec Interiors<br>9847050541 |
| Electrification/Lighting | Rajan And Team<br>9846310191 |
| Plumbing Consultant/Firm | Shine/9995350698 |
| Landscaping Consultant/ Landscaping Contractor | Greenpiece Terrarium<br>9496578503 |
| Painting | Did Painting Solution<br>9846093940 |
| Furnishing /Curtains, Blinds Etc. | Akom Decors<br>9995904934 |
| Art And Craft Workers | Galleria Metal Art -Thrissur<br>9447782235 |
| Staircase/Railing | Luxrays |




## കിച്ചൻ

ഫ്ളാറ്റായിരുന്നതിനാൽ കിച്ചൻ നേരത്തെ ഉണ്ടായിരുന്നു. ഫ്ളാറ്റ് നിർമ്മാതാക്കൾ തന്നെ അത് ഡിസൈൻ ചെയ്തിരുന്നതിനാൽ കാര്യമായ ഇന്റീരിയർ വർക്കുകൾ ഒന്നും ചെയ്യേണ്ടി വന്നിട്ടില്ല. V

